തുക കോടിയിൽ

ശീർഷകം	ആകെ ചെലവായ തുക(AG-യുടെ FINAL ACCOUNTS പ്രകാരം)
പെൻഷൻ ഇനം (2071)	18945.58
സംസ്ഥാന നിയമസഭാ അംഗങ്ങൾക്കുള്ള പെൻഷൻ 2071-01-101-97 (NV)	11.99
പേഴ്സണൽ സ്റ്റാഫിന്റെ പെൻഷൻ (മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും ചീഫ് വിപ്പിന്റെയും പേഴ്സണൽ സ്റ്റാഫ്) 2071-01-101-97	6.03
കേരള സർവ്വീസ് പെൻഷൻ (സ്റ്റാറ്റ്യൂട്ടറി പെൻഷൻ+NPS-നുള്ള സർക്കാർ വിഹിതം) 2071-01-101-99 & 2071-01-117-97	8636.8
എയ്ഡഡ് സ്ഥാപനങ്ങളിലെ പെൻഷൻ 2071-01-109-99	3209.68
കുടുംബ പെൻഷൻ 2071-01-105-99	2226.7
മറ്റ് പെൻഷനുകൾ 2071-(all other items)	4854.38

സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം

71 (453) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം കൂട്ടാനുള്ള ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച അന്തിമ റിപ്പോർട്ടിൽ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നല്കുന്നതിനുള്ള സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത ഒരു വർഷത്തേയ്ക്ക് നീട്ടി വയ്ക്കാൻ വിരമിക്കൽ പ്രായം 57 ആക്കി വർദ്ധിപ്പിക്കാവുന്നതാണെന്ന് ശിപാർശ നല്കിയിട്ടുണ്ട്.

(ബി) ശിപാർശയിൽ സർക്കാർ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച അന്തിമ റിപ്പോർട്ടിലെ വിവിധ ശിപാർശകൾ സർക്കാർ വിശദമായി പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly